പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5352 15.11.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി യുടെ സംരക്ഷണം

| ചോദ്യം<br>ശ്രീ.കെ.ജെ. മാക്സി | | മറുപടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യെ മുഖ്യമായി ആശ്രയിക്കുന്ന ജില്ലകളുടെ ഗതാഗത സൗകര്യം ഉറപ്പുവരുത്താനും ഈ പ്രസ്ഥാനത്തെ നിലനിർത്താനും സ്വയംപര്യാപ്തത കൈവരിക്കാനുമായി ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വിശദമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കൊൽക്കത്തയിലെ റിട്ടയേർഡ് പ്രൊഫ. സുശീൽ ഖന്നയെ സമഗ്ര പഠനത്തിനായി സർക്കാർ നിയോഗിക്കുകയും ഇദ്ദേഹത്തിൽ നിന്നും ലഭിച്ച ഇടക്കാല പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ സാമ്പത്തികം, മാനേജ്മെന്റ്, പ്രവർത്തന രീതി, പ്രവർത്തന സമയം എന്നിവയിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി വായ്പകളുടെ പുനഃക്രമീകരണം നടത്തുകയും, മാനേജ്മെന്റിൽ പ്രൊഫഷണലിസം കൊണ്ടുവരികയും ചെയ്തു. കൂടാതെ കെ.എസ്.ആർ.ടി.സി.യിൽ മേഖലാവത്ക്കരണം നടപ്പിലാക്കി മൂന്നു ലാഭകേന്ദ്രങ്ങളാക്കി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. വിവര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി പൂർണ്ണമായും കമ്പ്യൂട്ടർവത്കരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടോട്ടൽ അക്കൗണ്ടിംഗ്, സ്റ്റോർ, ഇൻവെന്ററി മാനേജ്മെന്റ് തുടങ്ങിയവ നടപ്പിലാക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.യിലേയ്ക്ക് യാത്രക്കാരെ ആകർഷിയ്ക്കുന്നതിനും ജനകീയമാക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിന് പരിഷ്ക്കരിച്ചതും കൂടുതൽ നൂതന സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം M/s. Abhibus മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. വെറ്റ് ലീസ് വ്യവസ്ഥയിൽ ബസ് സർവ്വീസ് നടത്തി |

| | | | |
|---|---|---|---|
| | | | വരുമാന വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും, കെ.എസ്.ആർ.ടി.സി.യും സംയുക്തമായി സ്കാഡ് രൂപീകരിക്കുകയും, ആയത് ഫല പ്രദമായി പ്രവർത്തിച്ചതുംമൂലം കെ.എസ്. ആർ.ടി.സി.യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. തമിഴ്നാടും കർണ്ണാടകവും ആയുള്ള അന്തർ സംസ്ഥാന കരാറുകൾ പുതുക്കുകയും അതിൻ പ്രകാരം പുതിയ സർവ്വീസുകളും പ്രത്യേക വാരാന്ത്യ അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ജീവനക്കാരുടെ കുറവ് മൂലം വാഹനം ഓടിക്കാൻ കഴിയാത്ത അവസ്ഥ കുറയ്ക്കുന്നതിന്, കേരള പി.എസ്.സി. നിയമനോപദേശം നൽകിയ കണ്ടക്ടർ വിഭാഗം ജീവനക്കാരെ മുഴുവൻ ഒഴിവുള്ള യൂണിറ്റുകളിൽ നിയമിച്ചിട്ടുണ്ട്. വർക്ക്ഷോപ്പു കളുടെ ആധുനികവത്കരണം നടത്തുന്നതിനാ യുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബസ്- ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരി യായ 5.5-ലേക്ക് • എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. യാത്രക്കാർക്കും ജീവനക്കാർക്കും ബുദ്ധിമുട്ട് ഉണ്ടാകാത്ത തരത്തിൽ ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചതുമൂലം ചെലവിനത്തിൽ കുറവു ണ്ടാകുകയും, പ്രതി ബസ്, പ്രതി കി.മീറ്റർ വരുമാനത്തിൽ വർദ്ധനവുണ്ടാകുകയും, ഡീസൽ ചെലവ് ലാഭിക്കുവാൻ കഴിയുകയും ചെയ്തിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗം ജീവന ക്കാരുടെ ജോലിസമയം പരിഷ്കരിച്ചതിന്റെ ഫലമായി വാഹനങ്ങൾ സർവ്വീസ് കഴിഞ്ഞ് വരുന്ന സമയങ്ങളിൽ ആവശ്യത്തിനനു സൃതമായി ജീവനക്കാരെ ലഭ്യമാക്കാൻ സാധിച്ചു. കൂടാതെ നൂറിൽ അധികം വാഹനങ്ങൾ പകൽ അറ്റകുറ്റപണികൾക്കായി പിടിച്ചിടുന്നത് ഒഴിവാക്കാനും ഫ്ലീറ്റ് യൂട്ടിലൈസേഷൻ വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞു. ഓഫീസർമാരുടെയും ഓഫീസ് ജീവനക്കാരുടെയും സേവന സമയം 7 മണിക്കൂറിൽ നിന്നും 8 മണിക്കൂറായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ, സർവ്വീസ് ഓപ്പറേഷനുമായി ബന്ധപ്പെട്ട് പ്രവർത്തി ക്കുന്ന വിഭാഗം ജീവനക്കാർക്ക് രണ്ടാം |

| | | | |
|---|---|---|---|
| | | | ശനിയാഴ്ച പ്രവൃത്തി ദിവസമാക്കുകയും ചെയ്തു. സർക്കാരിന്റെ മേൽനോട്ടത്തിൽ, കെ.എസ്.ആർ.ടി.സി.യും, സഹകരണ ബാങ്കുകളും തമ്മിൽ ഏർപ്പെട്ടിരിക്കുന്ന കരാർ പ്രകാരം പെൻഷൻ കൃത്യമായി നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തി കോർപ്പറേഷന് കൂടുതൽ ഗുണകരമാകുന്ന തരത്തിൽ നടപ്പിലാക്കിയതിലൂടെ തൊഴിലാളികളുടെ സഹകരണം പരമാവധി ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനത്തെ സംരക്ഷിക്കാനായി തൊഴിലാളികളുടെ സഹകരണം ഉറപ്പു വരുത്തുന്നതിനായി എന്തു നടപടി സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കോർപ്പറേഷനിലെ ജീവനക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിലേക്കായി കോർപ്പറേഷനിലെ തൊഴിലാളി സംഘടന പ്രതിനിധികളുമായി വിവിധ ഘട്ടങ്ങളിലായി ഗതാഗത വകുപ്പ് മന്ത്രി തലത്തിലും, കോർപ്പറേഷൻ മാനേജ്മെന്റ് തലത്തിലും ചർച്ചാ യോഗങ്ങൾ ചേരുകയും പ്രസ്തുത ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട് തൊഴിലാളി സംഘടനകളുടെ അഭിപ്രായങ്ങൾ ആരായുകയും നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി യോഗങ്ങളിലെ തീരുമാനങ്ങളുടെയും, നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തൊഴിലാളികളുടെ സഹകരണത്തോടുകൂടി പ്രസ്തുത നിർദ്ദേശങ്ങൾ കോർപ്പറേഷന് കൂടുതൽ ഗുണകരമാകുന്ന തരത്തിൽ നടപ്പിലാക്കിയതിലൂടെ തൊഴിലാളികളുടെ സഹകരണം പരമാവധി ഉറപ്പുവരുത്തുന്നതിനും സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കെ.എസ്.ആർ.ടി.സി യുടെ പഠനവിധേയമാക്കാത്ത ഡ്യൂട്ടി പരിഷ്ക്കരണവും അതുമൂലമുണ്ടാകുന്ന ഷെഡ്യൂൾ വെട്ടിക്കുറയ്ക്കലും പൂർണ്ണമായും കെ.എസ്.ആർ.ടി.സി യെ ആശ്രയിക്കുന്ന തിരുവനന്തപുരം ജില്ലയേയും മറ്റു ജില്ലകളേയും ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടുവോ;എങ്കിൽ ഇതൊഴിവാക്കാൻ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>കെ.എസ്.ആർ.ടി.സി സമഗ്രപുനരുദ്ധാരണത്തിന്റെ ഭാഗമായി മാനവവിഭവശേഷി പൂർണ്ണമായും കാര്യക്ഷമമായും ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയും, ബസ്സുകളുടെ കോൺവോയ് ഒഴിവാക്കുന്ന തരത്തിലും യാത്രക്കാർക്ക് കൂടുതൽ പ്രയോജനപ്പെടുന്ന തരത്തിലുമാണ് ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചിട്ടുള്ളത്. യാത്രക്കാർക്ക് ഗുണകരമാകുന്നതും കോർപ്പറേഷന് വരുമാനം ലഭിക്കുന്നതുമായ എല്ലാ ട്രിപ്പുകളും നിലനിർത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**